**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **30-06-2022 - ൽ മറുപടിയ്ക്ക്**

**വിദേശ പഠനത്തിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്, പ്യൂവർ സയൻസ്, അഗ്രികൾച്ചർ, സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ഉപരി പഠനം നടത്തുന്നതിന് (പി.ജി, പി.എച്ച്.ഡി. കോഴ്സുകൾക്ക് മാത്രം) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പരമാവധി 10 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 600 -ാം റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ/ഓഫർ ലെറ്റർ ലഭിച്ച വിദ്യാർത്ഥികൾക്കാണ് അപേക്ഷി ക്കുന്നതിന് അർഹതയുള്ളത്. |
| (ബി) | പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിനുള്ള രീതി, അർഹതാ മാനദണ്ഡം, തെരഞ്ഞെടുക്കുന്ന രീതി എന്നിവ വിശദമാക്കുമോ? | (ബി) | ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിക്കായി ഇ-ഗ്രാന്റ്സ് 3.O പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. 1. അപേക്ഷകൻ / അപേക്ഷക കേരളീയനായിരിക്കണം. 2. പി.ജി. കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. പി.എച്ച്.ഡി. കോഴ്സിന് അപേക്ഷിക്കുന്നവർക്ക് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം. 3. പി.ജി, പി.എച്ച്.ഡി. കോഴ്സുകൾക്ക് മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ. 4. ബിരുദം നേടിയിട്ടുള്ള വിഷയത്തിലോ, ആയതു മായി ബന്ധപ്പെട്ട വിഷയത്തിലോ ഉപരി പഠനം നടത്തുന്നവരായിരിക്കണം. 5. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ. 6. ഒരേ രക്ഷാകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ |

| | | | | |
|---|---|---|---|---|
| | | | | സ്കോളർഷിപ്പിന് അർഹതയുള്ളൂ. 7. ആദ്യ 200 റാങ്കിൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന / ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും, 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന / ജീവിത ചെലവിന്റെ 50% തുക എന്നതിന് വിധേയമായി പരമാവധി 10 ലക്ഷം രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്. 8. സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട ശേഷം കോഴ്സോ, പഠന കേന്ദ്രമോ മാറാൻ പാടില്ല.<br><br>**<u>തെരഞ്ഞെടുക്കുന്ന രീതി</u>**<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി ചെയർമാനായും, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധി എന്നിവരുൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ